പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2250 — 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവൽക്കരണംമൂലമുണ്ടാകാനിടയുള്ള ചാർജ്ജ് വർദ്ധന

ചോദ്യം

ശ്രീ. സി. ദിവാകരൻ :

(എ) വൈദ്യുതി വിതരണമേഖല സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് രീതിയിൽ ആണ് ഇത് നടപ്പിലാക്കുന്നത് ;

(സി) ഇതുമൂലം വൈദ്യുതിചാർജ് ഗണ്യമായി വർദ്ധിക്കാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് പരിഹാരം ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ഇല്ല.

(ബി) (സി) & (ഡി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (DISCOMS) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ ബാധ്യതകളും കണക്കിലെടുത്തു കൊണ്ട് വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകിയ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ ചേരുന്നതിനുള്ള തത്വത്തിലുള്ള സമ്മതം മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള പ്രകാരം കേരളവും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരമുള്ള വൈദ്യുതി രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക എന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

സ്വകാര്യ പങ്കാളിത്തത്തിൻെറ പ്രസക്തി AT & C നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനാണ്. കേരളത്തിൽ പൊതുമേഖലയിൽതന്നെ പ്രസരണ വിതരണ നഷ്ടം ഗണ്യമായി കുറച്ചു കൊണ്ടു വന്ന സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള നിബന്ധന ഒഴിവാക്കാനാകുമെന്നാണ് കരുതുന്നത്.

സെക്ഷൻ ഓഫീസർ.